# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.32 — 26/04/2017-ൽ മറുപടിക്ക്

## കായംകുളം താപനിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ഇ.പി.ജയരാജൻ<br>,, വി. ജോയി<br>,, എം. നൗഷാദ് | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | എൻ.ടി.പി.സി.യുടെ ഉടമസ്ഥതയിലുള്ള കായംകുളം താപനിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) | കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.റ്റി.പി.സി യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യും, എൻ.റ്റി.പി.സി യും തമ്മിൽ 5 വർഷ കാലാവധിയുള്ള ഒരു പവർ പർച്ചേസ് എഗ്രിമെന്റ് 6/1/1995-ൽ ഒപ്പു വച്ചിരുന്നു. ഈ കരാർ പ്രകാരം ഈ നിലയത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ്ജ് എന്നീ രണ്ട് ഘടകങ്ങൾ ചേർന്നതാണ്. വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും നിലയം നിലനിർത്തി കൊണ്ടു പോകുന്നതിന് ചെലവാകുന്ന തുകയും നിലയം പ്രവർത്തന ക്ഷമമാക്കി നിർത്തുന്നതിനുള്ള ചാർജ്ജും ചേർന്നതാണ് ഫിക്സഡ് ചാർജ്ജ്. വേരിയബിൾ ചാർജ്ജ് ഇന്ധനത്തിന്റെ വിലയും ആണ്. പിന്നീട് പല ഘട്ടങ്ങളിലായി ഈ കരാർ 28.02.2013 വരെ ദീർഘിപ്പിക്കുകയും ചെയ്തു. തുടർന്ന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടി ഉടമ്പടി 01.03.2013 മുതൽ 12 വർഷക്കാലത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.<br><br>1. 01.03.2013 മുതൽ 5 വർഷത്തിനു ശേഷം കായംകുളം താപനിലയത്തിൽ നിന്ന് ഉത്പാദി |

| | | | |
|---|---|---|---|
| | | | പ്പിക്കുന്ന വൈദ്യുതിയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് ഈ നിലയം ഉത്പാദന പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള അവകാശം കെ.എസ്.ഇ.ബി യ്ക്ക് ആയിരിക്കും.<br>2. നാഫ്ത്തയ്ക്ക് പകരം മറ്റ് ലാഭകരമായ ഇന്ധനങ്ങൾ കൂടി ഉപയോഗിക്കുന്ന വിധം യന്ത്രസാമഗ്രികളിൽ എൻ.റ്റി.പി.സി മാറ്റം വരുത്തേണ്ടതാണ്.<br>3. കൊച്ചിയിൽ നിന്നും കായംകുളത്തേയ്ക്ക് പ്രകൃതി വാതകം കൊണ്ടു വരുന്നതിന് 'ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ' പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്.<br>4. ടി നിലയത്തിന്റെ പ്രവർത്തനത്തിനായി ആഭ്യന്തര പ്രകൃതി വാതകം ലഭിയ്ക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിക്കേണ്ടതാണ്. ഇത് ലഭ്യമാകുന്നതുവരെ വാതക രൂപത്തിലേയ്ക്ക് മാറ്റിയ ദ്രവീകരണ പ്രകൃതി വാതകം സ്വായത്തമാക്കേണ്ടതാണ്. |
| (ബി) | സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പോലും ഈ വൈദ്യുതോല്പാദന സ്ഥാപനം സംസ്ഥാനത്തിന് പ്രയോജനപ്രദമാകാതെ പോയതിന്റെ കാരണങ്ങൾ എന്താണ്; വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിലും നൽകേണ്ട സ്ഥിരം ചെലവ് എത്രയാണ്; ഈ താപ വൈദ്യുതോല്പാദന നിലയം സൗരോർജ്ജോല്പാദനത്തിനു താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനി മുന്നോട്ടു വച്ചിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും അറിയിക്കാമോ; | (ബി) | കായംകുളം താപനിലയത്തിൽ നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. കരാറിന്റെ പ്രാരംഭ കാലഘട്ടങ്ങളിൽ നാഫ്തയുടെ വില വളരെ കുറവ് ആയതിനാൽ ഇതിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ആദായകരമായിരുന്നു. (യൂണിറ്റിന് 3/- രൂപ). എന്നാൽ കാലക്രമേണ നാഫ്തയുടെ വില ക്രമാതീതമായി വർദ്ധിച്ചതു കാരണം ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ലാഭകര മല്ലാതായി തീരുകയും വൈദ്യുതി പ്രതിസന്ധി ഉള്ള സാഹചര്യങ്ങളിൽ മാത്രമേ ടി നിലയത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നുള്ളൂ. നാഫ്തയുടെ വില ഇപ്പോൾ വളരെ കൂടുതൽ ആയതിനാൽ ഇവിടെ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7/- രൂപയ്ക്ക് മുകളിലാണ്. ഇക്കാരണത്താൽ തന്നെ കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | വർഷങ്ങളിൽ ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നില്ല. ഇപ്പോൾ സംസ്ഥാനത്തിന് പുറത്തു നിന്ന് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ അത് ലഭ്യമാക്കി വൈദ്യുതി പ്രതിസന്ധി നേരിടാനാണ് കെ.എസ്.ഇ.ബി.എൽ ശ്രമിച്ചു വരുന്നത്. ആയതുകൊണ്ടാണ് കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാത്തതും ഈ നിലയത്തിനെ സംസ്ഥാനത്തിന് പ്രയോജന പ്രദമാക്കാൻ സാധിക്കാത്തതും.<br><br>വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിലും നല്കേണ്ടി വരുന്ന സ്ഥിരം ചിലവ് (ഫിക്സഡ് ചാർജ്ജ്) 2014-19 കാലയളവിൽ പ്രതിവർഷം ശരാശരി 299 കോടി രൂപയാക്കി കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ താരിഫ് ഓർഡറിലൂടെ നിശ്ചയിച്ചെങ്കിലും കെ.എസ്.ഇ.ബി.എൽ പഴയ നിരക്കായ പ്രതിവർഷം 207.13 കോടി രൂപയാണ് നല്കി വരുന്നത്. ആയത് പ്രതിമാസം 17.26 കോടി രൂപ വരും.<br><br>എൻ.റ്റി..പി.സി യുടെ കായംകുളം താപനിലയത്തോടനുബന്ധിച്ച് സൗരോർജ്ജോല്പാദനത്തിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. 170 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതിയ്ക്കാണ് ടി കമ്പനി താത്പര്യം അറിയിച്ചിട്ടുള്ളത്. തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-മായി വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെട്ടുവാനാണ് എൻ.ടി.പി.സി. താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. |
| (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ജലസംഭരണികളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതോല്പാദനത്തിനുള്ള പ്രായോഗിക സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അധീനതയിലുള്ള ബാണാസുരസാഗർ ജലസംഭരണിയിൽ 10KWp ശേഷിയുള്ള ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന സൗര വൈദ്യുത നിലയം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ച് വരുന്നു. ഇത് കൂടാതെ ടി ജലസംഭരണിയിൽത്തന്നെ 0.500 Kwp |

| | | | |
|---|---|---|---|
| | | | ശേഷിയുള്ള ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന മറ്റൊരു സൗര വൈദ്യുത നിലയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**